നം. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2020-21 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

2020–21 വർഷം യഥാസമയം യോഗ്യതാ പരീക്ഷയുടെ മാർക്ക് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കാത്തതിനാൽ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്കുവേണ്ടി ഒരു സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ട് **24.11.2020** ലെ Go(Rt) No.1474/2020/HEDN പ്രകാരം സർക്കാർ ഉത്തരവായിരുന്നു. സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിന് വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷയുടെ മാർക്ക് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. നിശ്ചിത സമയത്തിനകം വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെയും കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ലഭിച്ച സ്കോറിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച മാർക്ക് വിവരങ്ങൾ അതേപടി ഉപയോഗിച്ചാണ് സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഈ മാർക്ക് വിവരങ്ങൾ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും എന്തെങ്കിലും വ്യത്യാസം ഉള്ളപക്ഷം പ്രവേശനം നിരസിക്കുന്നതുമാണ്. വിദ്യാർത്ഥികൾ തെറ്റായി സമർപ്പിച്ച മാർക്ക് വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

**കുറിപ്പ്:** കേരളത്തിലെ സർക്കാർ നിയന്ത്രിത, സ്വകാര്യ-സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് മാത്രമായിരിക്കും സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് ബാധകമാകുന്നത്. സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള കേരളാ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ പരിഗണിച്ച ശേഷം ഒഴിവുകൾ പിന്നെയും നിലനിൽക്കുന്ന പക്ഷം സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ പരിഗണിക്കാവുന്നതാണ്.

**സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ പ്രവേശനം ആഗ്രഹിക്കുന്ന പക്ഷം 2020 ഡിസംബർ 5 ന് മുൻപായി സീറ്റുകൾ ഒഴിവുള്ള സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെടേണ്ടതാണ്.**

**Help Line Number : 0471 2525300**

തിരുവനന്തപുരം
30.11.2020

പ്രവേശന പരീക്ഷാ കമ്മീഷണർ